GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 9383470283

---

**ജി. 983/2020** തീയതി : 01/07/2020.

സംസ്ഥാന കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് 2020 വർഷത്തിൽ കാർഷിക മേഖലയിലെ വിവിധ രംഗങ്ങളിൽ മികച്ച പ്രവർത്തനം കാഴ്ചവച്ചവർക്ക് അവാർഡുകളും സമ്മാനങ്ങളും നൽകാൻ 29.06.2021-ൽ ടി.വി (1) 5522/2021 നം. പ്രകാരം തീരുമാനിച്ചിട്ടുണ്ട്. ആയതു പ്രകാരം അവർഡുകൾക്കായി നോമിനേഷനുകൾ ചുവടെ ചേർക്കും പ്രകാരം ക്ഷണിയ്ക്കുന്നു.

## I. കർഷക ഭാരതി അവാർഡ്.

കർഷകഭാരതി അവാർഡ് ഏറ്റവും മികച്ച ഫാം ജേർണലിസ്റ്റിനാണ് നൽകുന്നത്. കർഷകഭാരതി അവാർഡ് മുന്നു വിഭാഗങ്ങളായാണ് നൽകുന്നത്. അച്ചടി മാധ്യമത്തിന് ഒരു ലക്ഷം രൂപയുടെ ക്യാഷ് അവാർഡ്, സ്വർണ്ണ മെഡൽ, ഷീൽഡ്, സർട്ടിഫിക്കറ്റ് എന്നിവയും ദൃശ്യമാധ്യമ വിഭാഗത്തിന് ഒരു ലക്ഷം രൂപയുടെ ക്യാഷ് അവാർഡ്, ഷീൽഡ് സർട്ടിഫിക്കറ്റ് എന്നിവയും നവമാധ്യമവിഭാഗത്തിന് 50,000 രൂപയുടെ ക്യാഷ് അവാർഡ്, ഷീൽഡ്, സർട്ടിഫിക്കറ്റ് എന്നിവയുമാണ് നൽകുന്നത്.

**അവാർഡിനുള്ള മാനദണ്ഡങ്ങൾ:**

1. **അച്ചടി മാധ്യമം**

കാർഷിക പത്ര പ്രവർത്തന മേഖലയിലെ നോമിനേഷൻ തീയതി മുതൽ പുറകോട്ട് ഒരു വർഷത്തെ സംഭാവനകളാണ് പ്രധാനമായും പരിഗണിക്കുന്നത്. കൂടാതെ അപേക്ഷകന്റെ മുൻകാല സംഭാവനകളും അവാർഡിനായി പരിഗണിക്കുന്നതാണ്. ആയത് സംബന്ധിച്ച ഒരു സാക്ഷിപത്രം (രണ്ട് പേജിലെങ്കിലും കുറയാത്തത്) സ്വയം സാക്ഷ്യപ്പെടുത്തി നോമിനേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

2. **ദൃശ്യ മാധ്യമം**

കാർഷിക മേഖലയുമായി ബന്ധപ്പെട്ട ദൃശ്യ മാധ്യമം വഴി നൽകിയ സംഭാവനകളാണ് അവാർഡിനായി പരിഗണിക്കുന്നത്. നോമിനേഷൻ തീയതിമുതൽ പുറകോട്ട് ഒരു വർഷത്തെ സംഭാവനകളാണ് പ്രധാനമായും പരിഗണിക്കുന്നത്. കൂടാതെ അപേക്ഷകന്റെ മുൻകാല സംഭാവനകളും അവാർഡിനായി പരിഗണിക്കുന്നതാണ്. അപേക്ഷകന്റെ ദൃശ്യ

പരിപാടിയിലെ പ്രാധിനിത്യം ക്രഡിറ്റ്സിൽ ഉണ്ടായിരിക്കേണ്ടതാണ്. ആയതിനോടൊപ്പം ബന്ധപ്പെട്ട സ്ഥാപനം/ ചാനലിന്റെ ടെലികാസ്റ്റ് സർട്ടിഫിക്കറ്റ്/ സാക്ഷ്യ പത്രം നിർബന്ധമായി ഉൾപ്പെടുത്തേണ്ടതാണ്. കൂടാതെ ഈ മേഖലയിലെ ആകെ സംഭാവ ലനകളെ സംബന്ധിച്ചു ഒരു വിവരണം (രണ്ട് പേജിൽ കുറയാത്തത്) അപേക്ഷയോടൊപ്പം നൽകേണ്ടതാണ്.

3. <u>നവമാധ്യമം</u>

കാർഷിക മേഖലയുമായി ബന്ധപ്പെട്ട് നവമാധ്യമം വഴി നൽകിയ സംഭാവനകളാണ്. അവാർഡിനായി പരിഗണിക്കുന്നത്. നോമിനേഷൻ തീയതി മുതൽ പുറകോട്ട് ഒരു വർഷത്തെ സംഭാവനകളാണ് പ്രധാനമായും പരിഗണിക്കുന്നത്. കൂടാതെ അപേക്ഷകന്റെ മുൻകാല സംഭാവനകളും അവാർഡിനായി പരിഗണിക്കുന്നതാണ്. വെബ് പേജുകളിൽ പ്രസിദ്ധീകരിച്ച അപേക്ഷകന്റെ പേര് രേഖപ്പെടുത്തിയിട്ടുള്ള ലേഖനങ്ങളും രചനകളുമാണ് അവാർഡിനായി സമ്രാപ്പിക്കേണ്ടത്. ഇവയുടെ പ്രിന്റ് പകർപ്പ് നൽകണം. ബ്ലോഗുപോലുള്ള സ്വയം കേന്ദ്രീകൃതമായ സാമൂഹ്യമാധായമങ്ങളിൽ പ്രസിദ്ധീകരിച്ച സൃഷ്ടികളും കുറിപ്പുകളും പരിഗണിക്കപ്പെടുന്നതല്ല.

## II. <u>ഹരിതമുദ്ര അവാർഡ് .</u>

ഹരിതമുദ്ര അവാർഡ് അവാർഡ് നാല് വിഭാഗങ്ങളായാണ് നൽകുന്നത്. ദൃശ്യ, ശ്യവ്യ ഓൺലൈൻ മാധ്യമങ്ങൾ വഴി പ്രസിദ്ധീകരിച്ച/പ്രക്ഷേപണം ചെയ്ത ഏറ്റവും മികച്ച മല യാളത്തിലുള്ള കാർഷിക പരിപാടിക്കാണ് അവാർഡ് നൽകുന്നത്

| ക്രമ നം. | മാധ്യമം | സമ്മാനത്തിന്റെ വിശദാംശം |
|---|---|---|
| 1 | ദൃശ്യ മാധ്യമം | ഫലകം, സർട്ടിഫിക്കറ്റ് |
| 2 | ശ്രവ്യ മാധ്യമം | ഫലകം, സർട്ടിഫിക്കറ്റ് |
| 3 | ഓൺലൈൻ മാധ്യമം | ഫലകം, സർട്ടിഫിക്കറ്റ് |
| 4 | ഡോക്യുമെന്ററി /ടെലി ഫിലിം നിർമ്മാതാവ് | ഫലകം, സർട്ടിഫിക്കറ്റ് |

**<u>അവാർഡിനുള്ള മാനദണ്ഡങ്ങൾ:</u>**

1) ദൃശ്യ, ശ്രവ്യ, ഓൺലൈൻ വഴി പ്രസിദ്ധീകരിച്ച/പ്രക്ഷേപണം ചെയ്ത് ഏറ്റവും മികച്ച മലയാളത്തിലുള്ള കാർഷിക പരിപാടികൾ അവാർഡിനായി പരിഗണിക്കുന്നതാണ്.
2) ഡോക്യുമെന്ററി/ടെലിഫിലിം വിഭാഗത്തിൽ ഏറ്റവും മികച്ച മലയാളത്തിലുള്ള കാർഷിക പരിപാടികൾ അവാർഡിനായി പരിഗണിക്കുന്നതാണ്.
3) ഡോക്യുമെന്ററി/ടെലിഫിലിം നിർമ്മാതാവ് (വ്യക്തിയ്ക്ക്) അവാർഡ് നൽകുന്നത്.
4) ഏപ്രിൽ/2020 മുതൽ മാർച്ച്/2021 വരെയുള്ള കാലയളവിൽ പ്രസിദ്ധീകരിച്ച/പ്രക്ഷേപണം ചെയ്ത മികച്ച കാർഷിക പരിപാടിയാണ് പരിഗണിക്കുന്നത്. കഴിഞ്ഞ കാലയളവിലെ മികവും പരിഗണനയ്ക്ക് എടുക്കുന്നതാണ്. (നാലു കാറ്റഗറിയിലും)

8) ഓൺലൈൻ മാധ്യമങ്ങൾ 2020-ൽ പ്രസിദ്ധീകരിച്ച തെരഞ്ഞെടുത്ത പത്ത് പങ്തികളുടെ ഫോട്ടോ കോപ്പി സമർപ്പിക്കണം.

9) ദൃശ്യ, ശ്രവ്യ, ഡോക്യൂമെന്ററി/ടെലി ഫിലിം അവാർഡിനായി, സംപ്രേക്ഷണം ചെയ്ത കാർഷിക പരിപാടിയുടെ ടെലികാസ്റ്റ് സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

10) ഓൺലൈൻ മാധ്യമം, സ്ഥാപന മേധാവിയിൽ നിന്നും പ്രസിദ്ധീകരണ വിവരങ്ങൾ സാക്ഷ്യപ്പെടുത്തി നൽകേണ്ടതാണ്.

അപേക്ഷയും വിശദാംശങ്ങളും "**www.fibkerala.gov.in**" എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി **06.07.2021**. അപേക്ഷകർ **"പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ, തിരുവനന്തപുരം-3"** എന്ന വിലാസത്തിൽ അയക്കണം. നോമിനേഷനുകളുടെ പുറത്ത് "**കർഷക ഭാരതി/ഹരിത മുദ്ര അവാർഡ്-2020 ഏതു വിഭാഗം**" എന്നത് പ്രത്യേകം രേഖപ്പെടുത്തണം.

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**

# കർഷകഭാരതി അവാർഡിനായുള്ള നാമനിർദ്ദേശപത്രിക

വർഷം :

1. നാമനിർദ്ദേശകന്റെ പേരും വിലാസവും ഫോൺ നമ്പരും :

2. നാമനിർദ്ദേശകൻ ഏതെങ്കിലും സ്ഥാപനത്തിൽ ജോലിചെയ്യുന്നുണ്ടെങ്കിൽ അതിന്റെ വിവരം :

3. കാർഷികമേഖലയുടെ വികസനത്തിനായി പ്രസിദ്ധികരിച്ചിട്ടുള്ള പേപ്പറുകൾ സംപ്രഷണം ചയ്തിട്ടുള്ള വീഡിയോകാസറ്റുകൾ പ്രക്ഷേപണം ചെയ്തിട്ടുള്ള സ്ക്രിപ്രറ്റുകൾ എന്നിവയുടെ എണ്ണം :

4. പ്രസിദ്ധികരിച്ചിട്ടുള്ള ലേഖനങ്ങൾ പ്രക്ഷേപണം ചെയ്തിട്ടുള്ള സ്ക്രിപ്റ്റ് സംപ്രേഷണം ചെയ്തിട്ടുള്ളവയുടെ വീഡിയോ കാസനറ്റുകൾ എന്നിവയുടെ വിശദാംശങ്ങൾ :

സ്ഥലം

തീയതി

ഒപ്പ്

കുറിപ്പ് :

അകാശവാണി/ദൂരദർശൻ എന്നിലയിൽക്കൂടി പ്രക്ഷപണം/സംപ്രഷണം ചെയ്ത സ്ക്രിപ്റ്റിൽ അതാത് സ്ഥാപനങ്ങളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരെക്കൊണ്ട് സാക്ഷ്യപ്പെടുത്തി വാങ്ങേണ്ടതാണ്.

അപേക്ഷ അയക്കേണ്ട മേൽവിലാസം : പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫിസർ<br>ഫാം ഇൻഫർമേഷൻ ഓഫീസ്<br>കവടിയാർ, തിരുവനന്തപുരം-3

## സംസ്ഥാന കൃഷി വകുപ്പിന്റെ ഹരിത മുദ്ര അവാർഡിനുള്ള അപേക്ഷ

## (മികച്ച മലയാളത്തിലുള്ള ദൃശ്യ/ ശ്രവ്യ പരിപാടികളുടെ പ്രക്ഷേപണം)

| | | |
|---|---|---|
| 1 | അവാർഡിന് നോമിനേറ്റ് ചെയ്യുന്ന കാർഷിക പരിപാടിയുടെ പേര് | |
| 2 | പ്രക്ഷേപണം ചെയ്യുന്ന ചാനൽ | |
| 3 | പരിപാടിയുടെ ഒരു എപ്പിസോഡിന്റെ ദൈർഘ്യം | |
| 4 | നിർമ്മാതാവിന്റെ പേരും വിലാസവും | |
| 5 | സംവിധായകന്റെ പേരും വിലാസവും | |
| 6 | നോമിനേഷനോടൊപ്പം ടെലികാസ്റ്റ് സർട്ടിഫിക്കറ്റ്, സമർപ്പിക്കുന്ന പരിപാടിയെ സംബന്ധിച്ചുള്ള വിവരം (അപേക്ഷയ്ക്കൊപ്പം ഏപ്രിൽ 2019 മുതൽ മാർച്ച് 2020 വരെ സംപ്രേക്ഷണം ചെയ്ത എപ്പിസോഡുകളിൽ നിന്നും തെരഞ്ഞെടുത്ത നാല് എപ്പിസോഡുകളുടെ ഡി.വി.ഡി കൾ (ദൃശ്യം) /സി.ഡി കൾ സമർപ്പിക്കേണ്ടതാണ്(ശ്രവ്യം).) | |
| 7 | കാർഷിക പരിപാടികളുടെ ജനസമ്മതി, വിഷയ വൈവിധ്യം അവതരണ രീതി, ദൃശ്യ ചാരുത, സ്ക്രിപ്റ്റ്, എഡിറ്റിംഗ് മികവ് എന്നിവയുടെ മേന്മ തുടങ്ങിയവ സംബന്ധിച്ച കുറിപ്പ് (അപേക്ഷയോടൊപ്പം 4 പേജിൽ കവിയാത്ത വിധം ഡി.ടി.പി ചെയ്ത് വെയ്ക്കുക) | |

സ്ഥലം:

തീയതി:

അപേക്ഷകന്റെ ഒപ്പ്

1. **സംസ്ഥാന കൃഷി വകുപ്പിന്റെ ഹരിത മുദ്ര അവാർഡിനുള്ള അപേക്ഷ**

**(മികച്ച മലയാളത്തിലുള്ള ഓൺലൈൻ പ്രസിദ്ധീകരണം)**

| | | |
|---|---|---|
| 1 | അവാർഡിന് നോമിനേറ്റ് ചെയ്യുന്ന കാർഷിക പംക്തിയുടെ പേര് | |
| 2 | പ്രസിദ്ധീകരിക്കുന്ന ഓൺലൈൻ പത്രം | |
| 3 | പരിപാടിയുടെ ഒരു എപ്പിസോഡിന്റെ ദൈർഘ്യം | |
| 4 | കാർഷിക പംക്തിയുടെ എഡിറ്ററുടെ പേരും വിലാസവും | |
| 5 | നോമിനേഷനോടൊപ്പം സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം, സമർപ്പിക്കുന്ന പംക്തി സംബന്ധിച്ചുള്ള വിവരം (ഏപ്രിൽ 2019 മുതൽ മാർച്ച് 2020 വരെ പ്രസദ്ധീകരിച്ച പംക്തികളിൽ നിന്നും തെരഞ്ഞെടുത്ത 10 പംക്തികളുടെ ഫോട്ടോകോപ്പി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.) | |
| 6 | കാർഷിക പക്തിയുടെ പ്രചാരം, ഉള്ളടക്കത്തിന്റെ മേൻമ, വൈവിധ്യം, ലേ-ഔട്ടിന്റെ ആകർഷണീയത, എഡിറ്റിംഗ് മികവ് തുടങ്ങിയവ സംബന്ധിച്ച കുറിപ്പ് അപേക്ഷയോടൊപ്പം 4 പേജിൽ കവിയാത്ത വിധം ഡി.ടി.പി ചെയ്ത് വെയ്ക്കുക | |

സ്ഥലം:

തീയതി:

അപേക്ഷകന്റെ ഒപ്പ്

**സംസ്ഥാന കൃഷി വകുപ്പിന്റെ ഹരിത മുദ്ര അവാർഡിനുള്ള അപേക്ഷ**

**(മികച്ച മലയാളത്തിലുള്ള ഡോക്യുമെന്ററി/ ടെലിഫിലിമിനുള്ള അവാർഡ്)**

| | | |
|---|---|---|
| 1 | അവാർഡിന് നോമിനേറ്റ് ചെയ്യുന്ന കാർഷിക പരിപാടിയുടെ പേര് | |
| 2 | പ്രക്ഷേപണം ചെയ്യുന്ന ചാനൽ | |
| 3 | പരിപാടിയുടെ ദൈർഘ്യം | |
| 4 | നിർമ്മാതാവിന്റെ പേരും വിലാസവും | |
| 5 | സംവിധായകന്റെ പേരും വിലാസവും | |
| 6 | നോമിനേഷനോടൊപ്പം ടെലികാസ്റ്റ് സർട്ടിഫിക്കറ്റ്, സമർപ്പിക്കുന്ന പരിപാടിയെ സംബന്ധിച്ചുള്ള വിവരം (അപേക്ഷയ്ക്കൊപ്പം ഏപ്രിൽ 2019 മുതൽ മാർച്ച് 2020 വരെ കാലയളവിൽ സംപ്രേക്ഷണം ഡോക്യുമെന്ററി/ ടെലി ഫിലിം ന്റെ ഡി.വി.ഡി സമർപ്പിക്കേണ്ടതാണ്.) | |
| 7 | കാർഷിക പരിപാടിയുടെ ജനസമ്മതി, വിഷയ വൈവിധ്യം അവതരണ രീതി, ദൃശ്യ ചാരുത, സ്ക്രിപ്റ്റ്, എഡിറ്റിംഗ് മികവ് എന്നിവയുടെ മേന്മ തുടങ്ങിയവ സംബന്ധിച്ച കുറിപ്പ് (അപേക്ഷയോടൊപ്പം 4 പേജിൽ കവിയാത്ത വിധം ഡി.ടി.പി ചെയ്ത് വെയ്ക്കുക) | |

സ്ഥലം:

തീയതി: അപേക്ഷകന്റെ ഒപ്പ്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**Press Release**

PR.44 /2020 01-07-2021

**2020 ലെ കൃഷിവകുപ്പിന്റെ സംസ്ഥാനതല കർഷകഭാരതി, ഹരിതമുദ്ര അവാർഡുകൾക്ക് നോമിഷേനുകൾ ക്ഷണിച്ചു**

സംസ്ഥാനത്തെ മികച്ച കാർഷികപത്രപ്രവർത്തകർക്കു സംസ്ഥാന സർക്കാർ നൽകുന്ന കർഷകഭാരതി അവാർഡിനും മികച്ച കാർഷിക പരിപാടിയ്ക്ക് നൽകുന്ന ഹരിതമുദ്ര അവാർഡിനും നോമിനേഷനുകൾ ക്ഷണിച്ചു. കർഷകഭാരതി അവാർഡ് അച്ചടി, ദൃശ്യ, നവമാധ്യമം എന്നീ മൂന്ന് വിഭാഗങ്ങളായാണ് നൽകുന്നത്. ദൃശ്യം, ശ്രവ്യം, ഓൺലൈൻ മാധ്യമം, ഡോക്യുമെന്ററി/ടെലിഫിലിം നിർമ്മാതാവ് എന്നീ വിഭാഗങ്ങളിലായാണ് ഹരിതമുദ്ര അവാർഡ് നൽകുന്നത്. നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷയും അനുബന്ധ രേഖകളും 2020 ജൂലൈ 6 നകം "പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ, തിരുവനന്തപുരം-695003" എന്ന മേൽവിലാസത്തിൽ സമർപ്പിക്കേണ്ടതാണ്. അവാർഡുകൾ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ **www.fibkerala.gov.in, www.keralaagriculture.gov.in** എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്.

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**

FARM INFORMATION BUREAU